ബീമാപള്ളിയിലേക്കുള്ള പാലം

302(1373) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവന്തപുരം മുട്ടത്തറയ്ക്ക് സമീപം ബൈപ്പാസ് റോഡിൽ നിന്ന് ബീമാപള്ളിയിലേക്ക് ഒരു പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് തറക്കല്ലിടൽ നടന്നിരുന്നോ; എങ്കിൽ എപ്പോൾ;

(ബി) തറക്കല്ലിടലിന് ശേഷം എന്തൊക്കെ തുടർനടപടികൾ നാളിതുവരെയായി സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ പ്രദേശത്തെ ജനങ്ങളുടെ ദീർഘകാല അഭിലാഷമായ പ്രസ്തുത പാലം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മുട്ടത്തറയ്ക്ക് സമീപം ബൈപ്പാസ് റോഡിൽനിന്ന് ബീമാപള്ളിയിലേക്ക് പാർവ്വതീ പുത്തനാറിന് കുറുകെ ഒരു പാലം നിർമ്മിക്കുന്നതിനും ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകിയിരുന്നെങ്കിലും നാട്ടുകാരുടെ എതിർപ്പുകാരണം ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ പാലത്തിന്റെ തറക്കല്ലിടൽ നടന്നിട്ടില്ല. പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കുന്നതിനായി സാധിക്കുകയുള്ളൂ.

(നക്ഷത്ര ചിഹ്നമിടാത്ത 1041, 1046, 1049, 1050, 1053, 1056, 1066, 1078, 1082, 1083, 1084, 1089, 1096, 1101, 1121, 1124, 1126, 1127, 1129, 1130, 1132, 1134, 1136, 1156, 1158, 1173, 1223, 1271, 1282, 1330, 1331 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly